# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1461** — **15.02.2016- ൽ മറുപടിക്ക്**

## ഗ്രേഡ് -II അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിൽ ഗ്രേഡ് -II അഗ്രികൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നറിയാമോ; | എ) ഉണ്ട്. |
| ബി) ഗ്രേഡ് -II അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;<br>സി) കൃഷി വകുപ്പിൽ എ.എഫ്.ഒ.യായും അഗ്രികൾച്ചർ ഓഫീസർ ആയും സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്; | (ബി) & (സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ് |
| ഡി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി വഴി എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ബി.എസ്.സി അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും പ്ലസ് ടു വി.എച്ച്.എസ്.സി അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും ഈ തസ്തികയ്ക്ക് പരിഗണിക്കുമോ; ഈ ഒഴിവുകൾ ഒരുമിച്ചാണോ റിപ്പോർട്ട് ചെയ്യുന്നത്; ഒരുമിച്ചാണോ നിയമന ശിപാർശ ലഭിക്കുന്നത്; | ഡി) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു.<br>A.<br>I.കേരള സർവ്വകലാശാലയിൽ നിന്നും കൃഷി ശാസ്ത്രത്തിൽ ഉള്ള ഡിപ്ളോമയോ തത്തുല്യ യോഗ്യതയോ.<br>ഐറ്റം 1 അനുസരിച്ചുള്ള യോഗ്യതയുടെ അഭാവത്തിൽ.<br>II. അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്.<br>ഐറ്റം 1 ഉം II ഉം പ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ.<br>III. 1. കൃഷി മുഖ്യവിഷയമായുള്ള എസ്.എസ്.എൽ.സി-യോ തത്തുല്യ യോഗ്യതയോ.<br>അല്ലെങ്കിൽ<br>2. എസ്.എസ്.എൽ.സി-യോ തത്തുല്യ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും<br>അല്ലെങ്കിൽ<br>3. കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്. |

B.

നല്ല കായികശേഷി.

ബി.എസ്.സി അഗ്രികൾച്ചർ യോഗ്യതയും വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ യോഗ്യതയും ടി തസ്തികയ്ക്ക് പരിഗണിക്കാറുണ്ട്. ഒഴിവുകൾ ഒരുമിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. നിയമന ശിപാർശ ലിസ്റ്റ് I (ബി.എസ്.സി അഗ്രികൾച്ചർ, ഡിപ്ളോമ ഇൻ അഗ്രികൾച്ചർ)ൽ നിന്നും ഒന്നാമതായും ലിസ്റ്റ് I തീർന്നതിനുശേഷം ലിസ്റ്റ് II-ൽ (വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ)ൽ നിന്നും രണ്ടാമതായും, ലിസ്റ്റ് II തീർന്നശേഷം ലിസ്റ്റ് III യിൽ നിന്നും മൂന്നാമതായും ആണ് നടത്തപ്പെടുന്നത്.

ഇ) അഗ്രികൾച്ചർ ബിരുദം യോഗ്യത-യുള്ളവർക്കും പ്ലസ് ടു വി.എച്ച്.എസ്.സി യോഗ്യത-യുള്ളവർക്കുമുള്ള ഒഴിവുകൾ വിഭജിച്ച് പ്രത്യേകം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക പ്ലസ് ടു വി.എച്ച്.എസ്.സി അഗ്രികൾച്ചർക്കായി മാത്രം നിജപ്പെടുത്തുമോ?

ഇ) ഉയർന്ന യോഗ്യതയുള്ളവരെ ഒഴിവാക്കുന്നത് ഉചിതമെന്ന തോന്നുന്നില്ല.

സെക്ഷൻ ഓഫീസർ